കേരള നിയമസഭാ നടപടികൾ

ഒൻപതാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1996 മാർച്ച് 19, ചൊവ്വ

വാല്യം XCVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 1996 മാർച്ച് 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ...ഓർഡർ ചോദ്യം 107

മിനി ഹൈഡൽ പദ്ധതി

*1 [107] പ്രൊഫസർ മീനാക്ഷി തമ്പാൻ:
ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, കൃഷ്ണൻ കണിയാംപറമ്പിൽ:
,, സി. കെ. ചന്ദ്രപ്പൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ഹൈഡൽ പ്രോജക്ടുകൾ നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കേണ്ടതില്ലെന്നു വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളുമ്പോൾ എത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവയിൽ ഏതെല്ലാം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സിവിൽ ജോലികൾ നടന്നുവന്നിരുന്നു എന്നു വെളിപ്പെടുത്തുമോ;

(ഇ) ഇവയ്ക്കു മാത്രമായി എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ;

(എഫ്) വൈദ്യുതക്ഷാമം നേരിടുന്ന സാഹചര്യത്തിൽ മിനി ഹൈഡൽ പദ്ധതികളുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ തീരുമാനം പുനഃപരിശോധിക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ,

(എ) കഴിയുന്നതും വൻകിട പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കണമെന്നും പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ബോർഡ് നേരിട്ട് നടപ്പിലാക്കേണ്ട എന്നുമാണ് പൊതുവേയുള്ള തീരുമാനം.

(ബി) 6-12-1995-ലെ ബോർഡിന്റെ ഉത്തരവിൽ വൻകിട പദ്ധതികൾ ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(സി) പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 56 ചെറുകിട പദ്ധതികളിൽ 4 പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഡി) ഈ പദ്ധതികളിൽ സിവിൽ ജോലി തുടങ്ങിയിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി വൻകിട പദ്ധതികളും ചെറുകിട പദ്ധതികളും നടപ്പിലാക്കേണ്ടതുണ്ട്. പദ്ധതികളുടെ നടത്തിപ്പ് കെ.എസ്.ഇ.ബി. വഴിയോ സ്വകാര്യമേഖല വഴിയോ ആകാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

പ്രൊഫസർ മീനാക്ഷി തമ്പാൻ: വൻകിട പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കുകയുണ്ടായി. വളരെയേറെ ജലസ്രോതസ്സുകളുള്ള ഒരു സംസ്ഥാനമാണിത്. ഇപ്പോൾ കേരളത്തിലെ ഈ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട വിദഗ്ദ്ധൻമാർ പറയുന്നത് ഈ ജലസ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നവിധത്തിലുള്ള ചെറിയ ചെറിയ പദ്ധതികൾ നമുക്ക് ധാരാളമുണ്ടാകണമെന്നാണ്. ആ കാര്യം പരിഗണിക്കുന്നതിനെക്കുറിച്ച് ഈ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ജി. കാർത്തികേൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ നിർദ്ദേശിച്ചത് പൂർണ്ണമായും ശരിയാണ്. നമുക്കുള്ള ചെറുകിട ജലസ്രോതസ്സുകളെ പരിപൂർണ്ണമായും ചൂഷണം ചെയ്തുകൊണ്ടുതന്നെ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശ്രമങ്ങളുണ്ട്. ഇതിന്റെയെല്ലാം ഫീസിബിലിറ്റിയും പ്രോജക്ട് റിപ്പോർട്ടും തയ്യാറായി. അതിന്റെ തീരുമാനം എടുക്കുന്നതിന്റെ അവസാന ഘട്ടത്തിലേക്ക് എത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. മീനാക്ഷി തമ്പാൻ: സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കാൻ സാദ്ധ്യതയുള്ള ഇത്തരം ജല വൈദ്യുത പദ്ധതികളെക്കുറിച്ച് സർവേ നടത്തുന്നതിനും അതിന്റെ ഫീസിബിലിറ്റിയെക്കുറിച്ച് പഠനം നടത്തുന്നതിനും സർക്കാർ തയ്യാറാകുമോ?

ശ്രീ. ജി. കാർത്തികേയൻ: ചെറുകിട പദ്ധതികളെക്കുറിച്ചുള്ള പഠനം പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 48 ചെറുകിട പദ്ധതികളും ടെണ്ടർ ചെയ്തു. അതെല്ലാം കാപ്പറിവ് പ്രോജക്ടുകളായിട്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള ടെൻഡറുകളെല്ലാം വന്നുകഴിഞ്ഞു. അതെല്ലാം ഇവാല്യൂവേറ്റു ചെയ്തു. അവ പൂർണ്ണമായി തീരുമാനിക്കുന്നതിന്റെ അവസാനഘട്ടത്തിലാണ്. വളരെ താമസിക്കാതെതന്നെ ഈ ചെറുകിട പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ചെറുകിട ജലസ്രോതസ്സുകളും ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികളും ഇവാല്യൂവേഷൻ കഴിഞ്ഞ് അതിന്റെ അവസാനഘട്ടത്തിൽ എത്തിയിരിക്കുന്നുവെന്ന്. അങ്ങനെയാണെങ്കിൽ എത്ര പ്രോജക്ടുകളും ആ വിധത്തിൽ ഇവാല്യൂവേറ്റ് ചെയ്ത് അതിന്റെ അവസാനത്തെ സ്റ്റേറ്റജിൽ എത്തിയിട്ടുണ്ട്; അതിന്റെ വിശദവിവരങ്ങൾ നൽകാൻ കഴിയുമോ?

ശ്രീ. ജി. കാർത്തികേയൻ: 48 പ്രോജക്ടുകളാണ് അങ്ങനെ അവസാനത്തെ ഘട്ടത്തിലെത്തിയിട്ടുള്ളത്. അതിന്റെ ടോട്ടൽ മെഗാവാട്ട് എത്രയാണെന്നുള്ളത് നോക്കിയിട്ട് പിന്നെ പറയാം.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ഞാൻ മനസ്സിലാക്കുന്നത് മുൻ ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുന്ന സന്ദർഭത്തിൽ ഇത്തരം മിനി ഹൈഡൽ പ്രോജക്ടുകളുടെ വിശദമായ ഒരു സ്കീം, ഏതാണ്ട് നൂറിലേറെ പദ്ധതികളും നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട് ഗവൺമെന്റിന്റെ പക്കലുണ്ടായിരുന്നുവെന്നാണ്. അത് നിങ്ങളുടെ കൈവശമുണ്ടായിരുന്നുവെങ്കിലും കാര്യമായ നടപടികളും ഉണ്ടായിട്ടില്ലെന്നാണ് ഈ 48 പ്രോജക്ടുകളും അവസാനഘട്ടത്തിലാണെന്ന് പറഞ്ഞതിന്റെ അർത്ഥം. അങ്ങനെയുണ്ടായിരുന്ന പദ്ധതികളും എത്രയെണ്ണം മുന്നോട്ടു കൊണ്ടുപോയി. ബാക്കി മുന്നോട്ടു കൊണ്ടുപോകാതിരിക്കാനുള്ള കാരണമെന്താണ്? 48 പ്രോജക്ടുകളിലുമായി എത്ര മെഗാവാട്ട് ഉണ്ടാകുമെന്നുള്ള വിവരംകൂടി പറഞ്ഞാൽ കൊള്ളാം.

ശ്രീ. ജി. കാർത്തികേയൻ: നമ്മുടെ മുമ്പിലുള്ള എല്ലാ ജലസ്രോതസ്സുകളും ഫലപ്രദമായി ടാപ്പ് ചെയ്യാൻ പറ്റുന്നവയല്ല. പൂർണ്ണമായി ഇവാല്യൂവേറ്റ് ചെയ്തതിനുശേഷം, സ്റ്റഡി ചെയ്തതിനുശേഷമാണ് ഇതു ചെയ്തത്. ഞാൻ നേരത്തെ പറഞ്ഞ 48 പ്രോജക്ടുകളുടെ കപ്പാസിറ്റി എത്രയാണെന്നുള്ളതിന്റെ വിവരം മേശപ്പുറത്തു വയ്ക്കാം.

ശ്രീ. എൻ. രാജൻ: മിനി ഹൈഡൽ പ്രോജക്ടുകളും നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കേണ്ടതില്ലെന്ന് വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടില്ല, അവയുടെ കാര്യത്തിൽ സ്വകാര്യമേഖലയ്ക്ക് പ്രാമുഖ്യം കൊടുക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അങ്ങനെയാണെങ്കിൽ കെ.എസ്.ഇ.ബി.-യുമായിട്ട് സ്വകാര്യമേഖലയിൽ നടത്തുന്ന എത്ര ചെറുകിട പദ്ധതികൾക്ക് എം.ഒ.യു. ഒപ്പിട്ടിട്ടുണ്ടെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: സ്വകാര്യ മേഖലയിൽ കാപ്റ്റീവ് പ്രോജക്ടാണ്. അഞ്ച് പ്രോജക്ടുകളാണ് നമ്മൾ നേരത്തെ ഒപ്പിട്ട് പ്രവർത്തനം നടക്കുന്നത്. അഞ്ചെണ്ണത്തിൽ ഒരെണ്ണം, മണിയാർ, കഴിഞ്ഞ വർഷം കമ്മീഷൻ ചെയ്തു. പിന്നെയുള്ളത്, ആനക്കയം, വാഞ്ചിയം, ചാത്തൻകൂട്ടുകര, വെസ്റ്റേറൺ കല്ലാർ, കൂത്തുങ്കൽ, ഉള്ളുങ്കൽ, കരിയ്ക്കകം, ഭൂതത്താൻകെട്ട് എന്നിവയാണ്. ഇതിനകത്ത് ആനക്കയം, വാഞ്ചിയം, ചാത്തൻകൂട്ടുകര, വെസ്റ്റേറൺ കല്ലാർ എന്നീ ഹൈഡൽ പ്രോജക്ടുകളും അവർ സമയബന്ധിതമായി തുടങ്ങാത്തതുകൊണ്ട് അവരെ ഡിസ്കാളിഫൈ ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. രാജൻ: ആ മിനി ഹൈഡൽ പ്രോജക്ടുകളും സ്വകാര്യ മേഖലയിൽ ആർക്കൊക്കെയാണ് കൊടുത്തതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: പൂർത്തീകരിച്ച മണിയാർ 12 മെഗാവാട്ട് പദ്ധതി—കാർബറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡും കൂത്തുങ്കൽ—ഇൻസ്റ്റിൽ ഇലക്ട്രോ കെമിക്കിൽ ലിമിറ്റഡും ഉള്ളുങ്കലും കരിയ്ക്കകവും—ടെസ്സിൽ കെമിക്കൽസ് ഹൈഡ്രോ പവർ ലിമിറ്റഡും ഭൂത്താൻകെട്ട്—സിലിക്കൽ മെറ്റലർജിക്കൽ ലിമിറ്റഡുമാണ് ഏറ്റെടുത്തിരിക്കുന്നത്.

ശ്രീ. ടി. ശിവദാസ മേനോൻ: ഇവിടെ കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോഴും പണി തുടങ്ങിവച്ചതും ഏതാണ്ട് പൂർത്തിയാക്കിയതുമായ പേപ്പാറ, മാട്ടുപ്പെട്ടി, മലമ്പുഴ, ചിമ്മിനി തുടങ്ങിയ മിനി ഹൈഡൽ പ്രോജക്ടുകളും ഉണ്ടായിരുന്നു. ഇതിൽ മലമ്പുഴ മിനി ഹൈഡൽ പദ്ധതിയുടെ സിവിൽ വർക്കെല്ലാം കഴിഞ്ഞ് ജനറേറേഴ്സ് വരെ 1991-ൽ അവിടെ വന്നതാണ്. ഇപ്പോഴും അഞ്ചു കൊല്ലം ഈ ഗവൺമെന്റ് പൂർത്തിയാക്കുകയാണ്. ചെറിയ ജോലികളും ചെയ്തു തീർക്കാനേ മലമ്പുഴയിൽ ഉണ്ടായിരുന്നുള്ളൂ. അത് അഞ്ചു വർഷമായിട്ടും കമ്മീഷൻ ചെയ്തില്ല. ഈ കാർബറാണ്ടം യൂണിവേഴ്സലിന്റെ കാപ്റ്റീവ് ജനറേഷൻ—മണിയാർ പ്രോജക്ട് കഴിഞ്ഞ ഗവൺമെന്റാണ് കംപ്ലീറ്റ് ചെയ്തത്. ഇവിടത്തെ ഇത്ര മില്യൻ യൂണിറ്റിനുമേൽ കറൻറ് കൺസ്യൂം ചെയ്യുന്നവർ കാപ്റ്റീവ് ജനറേഷനിലേക്ക് സ്വിച്ച് ഓൺ ചെയ്യുണമെന്നുകൂടി ഗവൺമെന്റ് നിർദ്ദേശിക്കാമോ? മലമ്പുഴ മിനി ഹൈഡൽ പ്രോജക്ടിന്റെ പണി ഇങ്ങനെ താമസിക്കാനുള്ള കാരണമെന്താണ്?

ശ്രീ. ജി. കാർത്തികേയൻ: 123 മെഗാവാട്ട് വൈദ്യുതിയാണ് 48 ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നും ജനറേറ്റു ചെയ്യാൻ ഉദ്ദേശിക്കുന്നത്. പേപ്പാറ, മലമ്പുഴ, മാട്ടുപ്പെട്ടി, കുറ്റ്യാടി ടെയിൽ റെയിസ്, ചിമ്മിനി ഡാം ഇതെല്ലാം നേരത്തെ പ്രവർത്തനം നടന്നുകൊണ്ടിരുന്നതാണ്. അൽപ്പം കാലതാമസം വന്നു. പേപ്പാറയും മലമ്പുഴയും സംബന്ധിച്ച് ഈ ഏപ്രിൽ മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങളും ധൃതഗതിയിൽ നടക്കുന്നു. കാലതാമസത്തെക്കുറിച്ച് പറഞ്ഞാൽ സാധാരണ ചെറുതും വലുതുമായ വൈദ്യുത പദ്ധതികൾക്ക് വരുന്നതുപോലുള്ള ആ ഒരു രോഗം ഇതിനേയും ബാധിച്ചിട്ടുണ്ട്. പേപ്പാറയും മലമ്പുഴയും ഏപ്രിൽ മാസത്തിൽ കമ്മീഷൻ ചെയ്യാം. മാട്ടുപ്പെട്ടി ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്യും. കുറ്റ്യാടി ടെയിൽ റെയ്സിന്റെ പണി ഏറ്റിരിക്കുന്നത് ബംഗാളിലെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കമ്പനിയാണ്. ചിമ്മിനി ഡാമിന്റെ പ്രവർത്തനം കോൺട്രാക്ട് എടുത്തിരിക്കുന്നത് ചണ്ഡിഗഢിലെ ഒരു കമ്പനിയാണ്. ഈ കരാറുകാർ എസ്റ്റിമേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൻമേൽ കോടതിയിൽ പോയിരിക്കുകയാണ്, കോടതിയുടെ അന്തിമ വിധി വന്നാലേ പണികൾ പുരോഗമിക്കുകയുള്ളു. എന്നാലും ഈ പദ്ധതികൾ പെട്ടെന്നു പൂർത്തീകരിക്കാനുള്ള ശ്രമം നടക്കുന്നു. ഈ 48 പദ്ധതികളുടെ ടോട്ടൽ കപ്പാസിറ്റി 123 മെഗാവാട്ടാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇവിടെ എഴുതിത്തന്ന ഉത്തരത്തിൽ എ-യും സി-യും തമ്മിൽ യാതൊരു പൊരുത്തവുമില്ല. എ-യിൽ പറയുന്നത് ചെറിയ പദ്ധതികൾ ഏറ്റെടുക്കാൻ പറ്റില്ല എന്നാണ്. സി-യിൽ പറയുന്നത് നാല് പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നു എന്നാണ്. അതുകൊണ്ട് വൈദ്യുതി ബോർഡിന്റെ ഉത്തരവ് തിരുത്താൻ തയ്യാറാകുമോ? കൂടാതെ മലങ്കര വൈദ്യുത പദ്ധതി സ്വകാര്യ വ്യക്തികൾക്ക് വിൽക്കാൻവേണ്ടി ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ? മലങ്കര വൈദ്യുത പദ്ധതിക്ക് ആരെങ്കിലും ഓഫർ നൽകിയിട്ടുണ്ടോ? കേരളത്തിൽ ഏറ്റവും ചീപ്പായി ലഭിക്കുന്ന ഈ വൈദ്യുത പദ്ധതിക്കു വേണ്ടി ഇലക്ട്രിസിറ്റി ബോർഡ് ഒരു കോടി രൂപ ചെലവഴിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി അത് വിൽക്കാൻ പോകുന്നില്ല എന്ന് സഭയ്ക്ക് ഉറപ്പു തരാമോ?

ശ്രീ. ജി. കാർത്തികേയൻ: സർ, മലങ്കര വളരെയധികം ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. മലങ്കര ഡാമിനെക്കുറിച്ച് ഗവൺമെന്റിന്റെയും ബോർഡിന്റെയും നിലപാട് ഇവിടെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. മലങ്കര ഡാമിന്റെ പ്രവർത്തനം മറ്റൊരു സ്വകാര്യ കമ്പനിയേയും ഏൽപ്പിക്കുന്ന പ്രശ്നമില്ല എന്ന് ഞാൻ സഭയ്ക്ക് ഉറപ്പു നൽകുന്നു. അൽപ്പം തടസ്സം വന്നിട്ടുണ്ടെങ്കിലും മലങ്കരയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മലങ്കര പദ്ധതി വാങ്ങാൻ സ്വകാര്യ കമ്പനികൾ ശ്രമിക്കുന്നുണ്ട്. ഇത് കൊടുക്കുന്ന പ്രശ്നമില്ല. കേരളാ സ്റ്റേറ്റ് ഇലക്ട്രിക്സിറ്റി ബോർഡ് നേരിട്ട് ഈ പണി ചെയ്യുമെന്ന് ഒരിക്കൽക്കൂടി ആവർത്തിച്ച് സഭയ്ക്ക് ഉറപ്പു നൽകുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: 48 മിനി ഹൈഡൽ പദ്ധതികളുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇടതുപക്ഷമുന്നണി ഗവൺമെന്റിന്റെ കാലത്ത് 180 മിനി ഹൈഡൽ പ്രോജക്ടുകൾ തുടങ്ങുകയും പൂർത്തിയാക്കുകയും ചെയ്തിരുന്നു. ഇത് വോൾട്ടേജ് ക്ഷാമമുള്ള കാലമാണ്. അതിന്റെ നാലിലൊന്നു മാത്രമേ ഇപ്പോൾ വരുന്നുള്ളു. ബാക്കിയുള്ള പദ്ധതികൾ ഫീസിബിൾ അല്ലെന്നു വച്ചാണോ അവയുടെ നടപടികൾ പൂർത്തീകരിക്കാത്തത്?

ശ്രീ. ജി. കാർത്തികേയൻ: അവയെ സംബന്ധിച്ചും ഇൻവെസ്റ്റിഗേഷൻ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബോർഡിനു നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. പി. രാഘവൻ: കാസർകോട് ജില്ലയ്ക്ക് ആവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു ചെറുകിട ജലവൈദ്യുത പദ്ധതി പറശ്ശിനി പുഴയിൽ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് റിപ്പോർട്ട് ഗവൺമെന്റിനു കൊടുത്തിരുന്നു. ആ റിപ്പോർട്ടിന്റെ സ്ഥിതിയെന്താണ്? ഗവൺമെന്റിൽ അതിനു വല്ല പരിഗണനയുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: അന്വേഷിച്ചു പറയാം.

ശ്രീ. ഒ. രേതൻ: പറശ്ശിനി പുഴയിലെ മിനി ഹൈഡൽ പ്രോജക്ടാണ് എന്നു പറഞ്ഞത് കാക്കടവ് ജലസേചന പദ്ധതിയോടു അനുബന്ധിച്ച് ഉണ്ടായിരുന്ന ഒരു പ്രൊപ്പോസലാണ്. 50 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നതാണ് ആ പദ്ധതി. അതു നടപ്പിലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: അതു പരിശോധിച്ചേ പറയാൻ പറ്റുകയുള്ളൂ.

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട വൈദ്യുത മന്ത്രി മിനി ഹൈഡൽ പ്രോജക്ടു സംബന്ധിച്ച് പറഞ്ഞു. എത്ര പ്രോജക്ടുകൾ കംപ്ലീറ്റ് ചെയ്യാൻവേണ്ടിയാണ് തീരുമാനിച്ചത്; എവിടെയാണ് തീരുമാനിച്ചത്; അതിൻെറ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ എത്ര രൂപ വരും?

ശ്രീ. ജി. കാർത്തികേയൻ: സർ, കാപ്റ്റീവാകുമ്പോൾ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കൂടും. അതു പൂർണ്ണമായും ഇവിടെ വ്യവസായങ്ങൾ നടത്തുന്ന വ്യവസായികൾക്ക് വിട്ടുകൊടുക്കുകയാണ്. അതു നമ്മുടെ ഗ്രിഡ്ഡിലേക്ക് വരുമ്പോഴുള്ള ട്രാൻസ്മിഷൻ ലോസ് ഫീഡിംഗ് ഉൾപ്പെടെയുള്ള 12 ശതമാനം ചാർജ്ജസ് വരും. ബാക്കിയാണ് അവർക്ക് കൊടുക്കുന്നത്. അതിനകത്ത് യൂണിറ്റ് കോസ്റ്റ് വരുന്നില്ല, കാരണം സ്വകാര്യ കമ്പനികളാണ് അത് ചെയ്യുന്നത്. നമ്മുടെ ഗ്രിഡ്ഡിലേക്കു വരുന്നതിനുള്ള 12 ശതമാനം കോസ്റ്റ് നമ്മളിൽനിന്നും വാങ്ങുന്നു. അതു ഫീഡിംഗ് ചാർജായും ട്രാൻസ്മിഷൻ ലോസ്സായും നമ്മൾ കൊടുക്കുകയാണ്. അതിന് പൂർണ്ണമായും മുതൽ മുടക്കുന്നത് സ്വകാര്യ കമ്പനികളാണ്. പത്തനംതിട്ട ജില്ലയിലാണ് വൈദ്യുതി ഉൽപ്പാദിക്കുന്നതെങ്കിൽ, അവരുടെ കമ്പനി സ്ഥിതി ചെയ്യുന്നത് എറണാകുളത്താണെങ്കിൽ, പത്തനംതിട്ടയിൽനിന്ന് നമ്മുടെ ഗ്രിഡ്ഡിലേക്ക് എറണാകുളത്തേക്കാണ് വരുന്നതെങ്കിൽ എറണാകുളംവരെയുള്ള ട്രാൻസ്മിഷൻലോസ്സും ഫീഡിംഗ് ചാർജ്ജസും ഉൾപ്പെടെയാണ് 12 ശതമാനം കോസ്റ്റ് നമ്മൾ മുടക്കുന്നത്. നമുക്ക് പ്രത്യേകിച്ച് ഒരു കോസ്റ്റും വരുന്നില്ല.

ശ്രീ. പി. രാജു: 48 മിനി ഹൈഡൽ പ്രോജക്ടുകളിൽനിന്നും 123 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുമെന്ന് പറഞ്ഞു. ഈ വൈദ്യുതിക്ക് ഒരു യൂണിറ്റിന് എത്ര പൈസ വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ? ഇത് സംബന്ധിച്ച് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടത്തിയിട്ടുള്ള സർവേ പ്രകാരം ഒരു യൂണിറ്റിന് എത്ര പൈസയാണ് ശുപാർശ ചെയ്തിട്ടുള്ളത്; ഈ പദ്ധതികൾ ആരംഭിക്കുന്ന സാഹചര്യത്തിൽ ഓരോ അഞ്ചുവർഷം കഴിഞ്ഞു കൂടുമ്പോഴും എത്ര പൈസ വച്ചാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. കാർത്തികേയൻ: നമ്മൾ വൈദ്യുതി വിലയ്ക്ക് വാങ്ങുകയല്ല. ഈ മിനി ഹൈഡൽ പദ്ധതികളിൽനിന്നും സ്വകാര്യ കമ്പനിക്കാർ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ബോർഡ് വിലയ്ക്ക് വാങ്ങുകയല്ല. വ്യവസായങ്ങൾക്കുവേണ്ടി കൊണ്ടുവന്ന കാപ്റ്റീവ് പ്രോജക്റ്റുകളാണ് അവ.

LIBRARY ARCHIVES Kerala Legislative Assembly